**Joseph Srampickal**
Bishop, Syro Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

Circular 09/2023 7 November 2023

# 2025 ജൂബിലി വർഷം

ഈശോമിശിഹായിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരേ,

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2025 ജൂബിലി വർഷമായി പ്രഖ്യാപിച്ചത് നിങ്ങൾ ഇതിനകം അറിഞ്ഞു കാണുമല്ലോ. ഓരോ ജൂബിലി വർഷവും നമുക്ക് വിശുദ്ധ വർഷമാണ് (വേല്യ. 25:12). നാളിതുവരെ നമുക്ക് ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയുന്നതിനോടൊപ്പം മാനസാന്തരത്തിലേക്കുള്ള പ്രചോദനവും ജൂബിലി വർഷം പ്രദാനം ചെയ്യുന്നുണ്ട്. ഓരോ ജൂബിലിയും ദൈവത്തിന്റെ കൃപയും കരുണയും സമൃദ്ധമായി അനുഭവിക്കുന്നതിനുള്ള അവസരമാണ്. 2024 ഡിസംബർ 24ന് പരിശുദ്ധ പിതാവ് വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിലെ വിശുദ്ധ കവാടം (Holy Door) തുറക്കുന്നതോടുകൂടി ജൂബിലിവർഷം ആരംഭിക്കുകയും 2026 ജനുവരി ആറാം തീയതി ദനഹാ തിരുനാളിൽ സമാപിക്കുകയും ചെയ്യും.

ഈ ജൂബിലി വർഷം കടന്നുവരുന്നത് നമുക്ക് അറിയാവുന്നതുപോലെ കോവിഡാനന്തര കാലഘട്ടത്തിലാണ്. പ്രതീക്ഷ നഷ്ടപ്പെട്ട് ഭാവിയെ കുറിച്ച് വ്യക്തതയില്ലാതെ മുന്നോട്ടു പോയ ഈ കാലഘട്ടത്തിൽ ജൂബിലി വർഷത്തിന് വളരെയേറെ പ്രസക്തിയുണ്ട്. ഈയൊരു സാഹചര്യത്തിൽ ജൂബിലി വർഷം ലക്ഷ്യം വയ്ക്കുന്നത് പ്രത്യാശയുടെയും വിശ്വാസത്തിന്റെയും അന്തരീക്ഷം പുന:സ്ഥാപിക്കുക എന്നതാണ്. ഇതുതന്നെയാണ് 'പ്രതീക്ഷയുടെ തീർത്ഥാടകർ' (Pilgrims of Hope) എന്ന മുദ്രാവാക്യം (Motto) ജൂബിലിക്ക് വേണ്ടി തിരഞ്ഞെടുക്കുവാനുള്ള കാരണവും.

മൂന്നാം സഹസ്രാബ്ദത്തിന്റെ ആദ്യത്തെ 25 വർഷങ്ങൾ പിന്നിടാൻ നാം ഒരുങ്ങുമ്പോൾ ജൂബിലി ആഘോഷത്തിന്റെ ഒരുക്കങ്ങളിലേക്ക് പ്രവേശിക്കാൻ മാർപാപ്പ ആഹ്വാനം ചെയ്തിരിക്കുന്നു.

ഇംഗ്ലണ്ട് ആൻഡ് വെയിൽസിലെ രൂപതകളുമായി ചേർന്നാണ് ജൂബിലി ഒരുക്കങ്ങൾ നമ്മൾ നടത്തുന്നത്.

ഈ വർഷം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ലിറ്റർജിയെക്കുറിച്ചും തിരുസഭയെക്കുറിച്ചും ദൈവാവിഷ്കരണത്തെക്കുറിച്ചും ആധുനിക ലോകത്തിലെ സഭയെക്കുറിച്ചുമുള്ള കോൺസ്റ്റിറ്റ്യൂഷൻസ് വായിക്കുവാനും പഠിക്കാനും ആവശ്യപ്പെടുന്നു. ഈ ദിവസങ്ങളിൽ തന്നെ അവ നിങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. തുടർന്ന് നമ്മുടെ ഇടവക, മിഷൻ, പ്രൊപോസ്ഡ് മിഷൻ തലങ്ങളിലും വിവിധ ഫോറങ്ങളിലും ചർച്ച ചെയ്യാൻ ചോദ്യാവലി നൽകുന്നതാണ്. തിരുസഭയുടെ പ്രബോധനങ്ങളെക്കുറിച്ച് ശരിയായി മനസ്സിലാക്കാൻ ലഭിക്കുന്ന അവസരം നല്ല രീതിയിൽ നമുക്ക് ഉപയോഗിക്കാം

2024 പ്രാർത്ഥനയുടെ വർഷമായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. ഈയൊരു വർഷം ഈശോമിശിഹാ പഠിപ്പിച്ച സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയുടെ അന്തസത്ത അതിന്റെ പൂർണ്ണതയിൽ ഉൾക്കൊള്ളാൻ നമുക്ക് സാധിക്കണം. പ്രാർത്ഥനയിലൂടെ കർത്താവിന്റെ തിരുസന്നിധിയിൽ ആയിരിക്കാനും ഈശോയെ ശ്രവിക്കാനും ആരാധിക്കുവാനുമുള്ള നമ്മുടെ ആഗ്രഹം ഇതിലൂടെ പുതുക്കാൻ സാധിക്കും. അതോടൊപ്പം പ്രപഞ്ച സൃഷ്ടാവിനെ സ്തുതിക്കാനും പ്രപഞ്ചത്തെ സംരക്ഷിക്കാനുള്ള പരിശ്രമങ്ങളിൽ പങ്കെടുക്കുവാനും നമുക്ക് സാധിക്കണം. വിശുദ്ധ വത്സരത്തിനായി തയ്യാറാക്കിയിരിക്കുന്ന പ്രാർത്ഥന നമ്മുടെ അനുദിന പ്രാർത്ഥനയുടെ ഭാഗമാകണം.

ആഴമേറിയ വിശ്വാസത്തോടും സജീവമായ പ്രത്യാശയോടും കൂടെ ജൂബിലിക്ക് വേണ്ടി ഒരുങ്ങാം. കാരുണ്യ പ്രവർത്തികൾ കൊണ്ടും പ്രകൃതിയെ സംരക്ഷിച്ചും കർത്താവിന്റെ വചനത്തിന് സാക്ഷികളാകാം. ജൂബിലിയോട് അനുബന്ധിച്ച് നടത്തപ്പെടുന്ന തീർത്ഥാടനങ്ങളിൽ നമുക്ക് വിശ്വാസപൂർവ്വം പങ്കെടുക്കാം. ജൂബിലി ഏറ്റവും സമുചിതമായി നമ്മുടെ എപ്പാർക്കിയിൽ ആഘോഷിക്കുവാൻ വൈദികരുടെയും സന്യസ്തരുടെയും എല്ലാ അൽമായ സഹോദരങ്ങളുടെയും സഹായം അഭ്യർത്ഥിക്കുന്നു. നിങ്ങളെയെല്ലാവരെയും ന മ്മുടെ കർത്താവായ ഈശോ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2023 നവംബർ 12 ന് വായിക്കേണ്ടതാണ്. (അന്ന് വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നില്ലെങ്കിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഏറ്റവും അടുത്ത ഞായറാഴ്ച്ച വായിക്കേണ്ടതാണ്)